**Joseph Srampickal**
*Bishop,*
*Syro Malabar Eparchy of Great Britain*

Bishop's Office
Our Lady of Rosary and
St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: *bishop@csmegb.org*

Circular 9/2025 | 19 October 2025

# ഗ്രാൻഡ് മിഷൻ 2026

**"ഒന്നുമാത്രമേ ആവശ്യമുള്ളൂ"** (ലൂക്ക 10:42).

കർത്താവായ ഈശോ മ്ശിഹായിൽ സ്നേഹംനിറഞ്ഞ വൈദികരേ, സഹോദരീ സഹോദരന്മാരേ,

ഈശോ മാർത്തയുടെ സഹോദരിയായ മറിയത്തോടുപറഞ്ഞു, "ഒന്നുമാത്രമേ ആവശ്യമുള്ളൂ" (ലൂക്ക 10:42): വചനം. "എല്ലാ ജഡവും പുല്ലുപോലെയാണ്... പുല്ല് ഉണങ്ങിപ്പോകുന്നു... എന്നാൽ കർത്താവിന്റെ വചനം എന്നേക്കും നിലനില്ക്കുന്നു. ആ വചനം തന്നെയാണ് നിങ്ങളോടു പ്രസംഗിക്കപ്പെട്ട സുവിശേഷം (1 പത്രോസ് 1:24-25), നമ്മൾ വചനത്തെക്കുറിച്ചു സംസാരിക്കുമ്പോൾ, അതു വിശുദ്ധ ഗ്രന്ഥം മാത്രമല്ല, തിരുവെഴുത്ത്, പാരമ്പര്യം, സഭ എന്നിവയിലൂടെ സംസാരിക്കുന്ന ജീവനുള്ള വചനമാണ്. തന്റെ ഏകനും അനന്യനുമായ പുത്രനെ നമുക്കു നല്കിക്കൊണ്ടു ദൈവം മിശിഹായാകുന്ന ഏകവചനത്തിൽ നമ്മോട് എല്ലാം എന്നേക്കുമായി സംസാരിച്ചിരിക്കുന്നു. ഇനി വേറൊന്നും സംസാരിക്കാൻ അവിടുത്തേക്കില്ല (ccc 65).

നമ്മൾ കേൾക്കുന്ന വചനം പിതാവായ ദൈവത്തിന്റെതന്നെ സത്തയും സത്യദൈവവും ആണെന്നു മനിസ്സിലാക്കാത്തപ്പോൾ വിശ്വസിക്കുകയോ രക്ഷപെടുകയോ ചെയ്യാതിരിക്കാൻവേണ്ടി പിശാച് വന്നു നമ്മുടെ ഹൃദയങ്ങളിൽനിന്നു വചനം എടുത്തുകളയുന്നു (ലൂക്ക 8:12). നമ്മുടെ വിശ്വാസത്തിനും രക്ഷയ്ക്കും നമ്മുടെ കർത്താവായ ഈശോ മ്ശിഹായെക്കുറിച്ച് യഥാർത്ഥ ധാരണ ഉണ്ടായിരിക്കേണ്ടത് വളരെ പ്രധാനമാണ്.

വചനം മാത്രമേ എന്നേക്കും നിലനില്ക്കുന്നുള്ളൂ എന്ന സത്യത്തിന്റെ സാക്ഷിയാണ് മറിയം. "ഈശോയുടെ കാൽക്കൽ ഇരുന്നു കർത്താവു പറയുന്നതു ശ്രദ്ധിച്ചു" (ലൂക്ക 10:39) വചനം സ്വീകരിച്ചത് 'ആകുലയും അശ്രദ്ധയും നിറഞ്ഞവളുമായ' മാർത്തയുടേതിൽനിന്ന് (ലൂക്ക 10:41) തികച്ചും വ്യത്യസ്തമാണ്. കർത്താവിലും അവന്റെ വചനത്തിലും നാം ആശ്രയിച്ചാൽ, സുരക്ഷിതമായി നങ്കൂരമിട്ടിരിക്കുന്ന ഒരു കപ്പൽപോലെ നമുക്കു സമാധാനത്തിലും ശാന്തതയിലും ആയിരിക്കാൻ കഴിയുമെന്നു മറിയം നമ്മെ പഠിപ്പിക്കുന്നു.

മറിയത്തിന്റെ ജീവിതത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ, അവൾ കർത്താവിന്റെ കൈകളിലായിരുന്നതിനാലാണ് അവൾക്ക് ഇരുന്നു വചനം കേൾക്കാൻ സാധിച്ചതെന്നു നമുക്കു മനസ്സിലാകും. നിയമാവർത്തനത്തിൽ നാം വായിക്കുന്നു, "വിശുദ്ധരെല്ലാവരും അങ്ങേ കരങ്ങളിലാണ്. അങ്ങയുടെ പാദാന്തികത്തിലിരുന്ന് അങ്ങയുടെ വചനങ്ങൾ അവർ സ്വാംശീകരിച്ചു" (നിയമ. 33:3). നമ്മുടെ പശ്ചാത്തലത്തിൽ, വചനത്തിനു മുന്നിലിരുന്ന് അവനെ ശ്രവിക്കുന്നതിൽ മറിയത്തിന്റെ തുടർച്ചയായിരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

2026 ഫെബ്രുവരി 13-നു ആരംഭിച്ച് മാർച്ച് 29-നു അവസാനിക്കുന്ന ഗ്രാൻഡ് മിഷൻ 2026 പൂർണ്ണനും എന്നേക്കുമുള്ളവനുമായ വചനം ശ്രവിക്കാനുള്ള ഒരു അവസരമാണ്. വിശ്വാസം ഭയത്തിലോ

കടമയിലോ അല്ലാതെ മിശിഹായുമായുള്ള സന്തോഷകരമായ കണ്ടുമുട്ടലിൽ ആരംഭിക്കുന്നതുകൊണ്ട് (ഇവാഞ്ചലി ഗൌഡിയം 1 & 2) രൂപതാംഗങ്ങളെ എല്ലാവരെയും ഈശോമ്ശിഹായുമായുള്ള ഒരു നവമായ കൂടിക്കാഴ്ചയിലേക്കു ക്ഷണിക്കുന്നു.

ഗ്രാൻഡ് മിഷൻ സഭയെ പുതുക്കുകയും വിശ്വാസത്തെയും ക്രിസ്തീയസ്വത്വത്തെയും പുനരുജ്ജീവിപ്പിക്കുകയും പുതിയ ഉത്സാഹവും നവമായ പ്രോത്സാഹനവും (റെഡെംപ്റ്റോറിസ് മിഷൻ 2) നല്കുകയും ചെയ്യും. ഗ്രാൻഡ് മിഷൻ മറ്റുള്ളവർക്കുവേണ്ടി മാത്രമല്ല മറിച്ചു നമ്മുടെ രൂപതയുടെ ഓരോ വിശ്വാസിയേയും നവീകരിക്കുകയും ജീവനും ലക്ഷ്യവും നല്കുകയും ചെയ്യും. നമ്മുടെ ജീവിതരീതിയിലുടെയും വചനത്തിലൂടെയും വിശ്വാസസാക്ഷ്യത്തിലൂടെയും മിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു (റെഡെംപ്റ്റോറിസ് മിസിയോ 42; ഇവാഞ്ചെലി നൂൻസിയാൻഡി 41). മാമ്മോദീസ മുങ്ങിയ ഓരോ വിശ്വാസിയുടെയും പ്രാഥമികവും വിശുദ്ധവുമായ ഉത്തരവാദിത്വമാണ് സഭയുടെ ദൗത്യത്തിൽ പങ്കുചേരുകയന്നത് (ആഡ് ജെൻറ്റെസ് 6 & 29). വിശ്വാസം ശക്തിപ്പെടുന്നത് അതു മറ്റുള്ളവർക്കു പകർന്നുനല്കുമ്പോഴാണ് (റെഡെംപ്റ്റോറിസ് മിസിയോ 2).

മിഷനുള്ള വിളി അതിന്റെ സ്വഭാവത്തിൽത്തന്നെ വിശുദ്ധിയിലേക്കുള്ള വിളിയിൽനിന്നാണ് ഉരുത്തിരിയുന്നത് (ഡിഡെംപ്റ്റോറിസ് മിസിയോ 90). വിശുദ്ധിയും മിഷനും വേർതിരിക്കാനാവാത്തതാണ്. നാം മിശിഹായുമായി കൂടുതൽ ആഴത്തിൽ ഐക്യപ്പെടുമ്പോൾ സ്വാഭാവികമായും നാം പ്രേഷിതരാകുന്നു. ഈ അവസരത്തിൽ നമ്മുടെ രൂപതയുടെ പഞ്ചവത്സര അജപാലന പദ്ധതിയുടെ പേര് 'പരിശുദ്ധൻ പരിശുദ്ധർക്കുള്ളതാണ്' എന്നു നിങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു. പ്രത്യേകിച്ച് ഈ വർഷം നമ്മൾ ശിക്ഷണക്രമത്തിന്റെ വർഷം ആചരിക്കുകയും ചെയ്യുന്നു.

വചനപ്രഘോഷണത്തിനായി പ്രശസ്തരായ ധ്യാനഗുരുക്കന്മാർ നമ്മുടെ ഇടവക/മിഷൻ/ പ്രൊപ്പോസ്ഡ് മിഷനുകളിലേക്കു വരുന്നതാണ്. നമ്മുടെ വാർഷികനോമ്പുകാല ധ്യാനത്തിന്റെ ഫലപ്രാപ്തിക്കായി അത്യാവശ്യമായ ക്രമീകരണങ്ങൾ ദയവായി ചെയ്യേണ്ടതാണ്.

### ഗ്രാൻഡ് മിഷൻ 2026-ന്റെ വിജയത്തിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷന്റെ ചുമതലയുള്ള വൈദികൻ തനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ഭവനങ്ങളും ധ്യാനത്തിനും ഉയിർപ്പു തിരുനാളിനും ഒരുക്കമായി വെഞ്ചെരിക്കുക.
2. ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്കായി ഓരോ ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷനിലും കൈക്കാരന്മാരും പാരീഷ് കൌൺസിൽ പ്രതിനിധികളും ഇവാഞ്ചലൈസേഷൻ ടീം അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുക.
3. ധ്യാനത്തിന് ഒരു ജനറൽ കോർഡിനേറ്ററെയും ഓരോ കുടുംബക്കൂട്ടായ്മ യൂണിറ്റിലും ഓരോ കോർഡിനേറ്ററെയും തിരഞ്ഞെടുക്കുക.
4. ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷൻ തലത്തിൽ ധ്യാനത്തിന്റെ സമയവും തീയതികളും ധ്യാന സ്ഥലവും അറിയിക്കാനുള്ള ഒരു ഫ്ലയർ ഉണ്ടാക്കുക.
5. യൂണിറ്റ് അടിസ്ഥാനത്തിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികൾ 2025 നവംബർ 30-നു മുമ്പ് ഭവനസന്ദർശനം നടത്തി ധ്യാനത്തിന്റെ ഫ്ലയർ നല്കുകയും എല്ലാ കുടുംബങ്ങളെയും ക്ഷണിക്കുകയും ധ്യാനത്തിനായി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.
6. ദൈവാലയത്തിലും കുടുംബങ്ങളിലും വ്യക്തിപരമായും ധ്യാനം സമർപ്പിച്ച് ഉപവാസവും യാമപ്രാർത്ഥനകളും മറ്റു മധ്യസ്ഥപ്രാർത്ഥനകളും നടത്തുക.
7. ഗ്രാൻഡ് മിഷൻ 2026-നുവേണ്ടി നല്കപ്പെടുന്ന കാറോസൂസ എല്ലാ കുർബാനകളിലും കുടുംബക്കൂട്ടായ്മകളിലും കുടുംബപ്രാർത്ഥനയിലും ചൊല്ലുകയും എല്ലാ ഞായറാഴ്ചകളിലും ധ്യാനത്തെപ്പറ്റി വിശ്വാസികളെ ഓർമ്മിപ്പിക്കുകയും ചെയ്യുക.

8. സാമൂഹികമാധ്യമങ്ങളിലൂടെയും വ്യക്തിബന്ധങ്ങൾ വഴിയും ധ്യാനത്തെക്കുറിച്ച് ആവർത്തിച്ച് അറിയിപ്പുകൾ നല്കുക.

9. ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷൻ തലത്തിൽ ഏകദിന ഒരുക്ക ശുശ്രൂഷകളും ഉപവാസ പ്രാർത്ഥനകളും ധ്യാനത്തിനു മുന്നോടിയായി ക്രമീകരിക്കുക.

10. അതതു കുടുംബക്കൂട്ടായ്മ അതിർത്തിയിൽ പുതുതായി വന്നുചേർന്നിരിക്കുന്ന കുടുംബങ്ങളെയും വ്യക്തികളെയും ഇതുവരെ കൂട്ടായ്മയുടെ ഭാഗമായിട്ടില്ലാത്തവരെയും ഭാരവാഹികൾ കണ്ടെത്തുകയും ധ്യാനത്തിലേക്കു ക്ഷണിക്കുകയും ചെയ്യുക.

11. ധ്യാനത്തിൽ പങ്കെടുക്കാൻ തടസ്സമുള്ളവർക്കുവേണ്ടി ത്യാഗമനോഭാവത്തോടെ പ്രത്യേക മധ്യസ്ഥപ്രാർത്ഥന നടത്തുകയും ധ്യാനത്തിൽ സംബന്ധിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

12. ധ്യാനത്തിൽവന്നു സംബന്ധിക്കുവാൻ വാഹനസൗകര്യം ആവശ്യമുള്ളവർക്ക് അതു നല്കുവാൻ സാധ്യതയുള്ളവർ തയ്യാറാകണം.

13. ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷനിൽ സുവിഷേവത്കരണത്തോട് ആഭിമുഖ്യമുള്ള എല്ലാ കുടുംബങ്ങളെയും വ്യക്തികളെയും കണ്ടെത്തി ഇവാഞ്ചലൈസേഷൻ ടീമിനോടു ചേർത്തു ധ്യാനത്തിന്റെയും മറ്റു സുവിശേഷവത്കരണ ശുശ്രൂഷകളുടെയും വിജയത്തിനായി പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

14. കുട്ടികൾക്കായി നുഹ്റാ ടീം നയിക്കുന്ന പ്രത്യേക ധ്യാനശുശ്രൂഷകൾ ക്രമീകരിക്കുക. അതിനായി റോസ്ലിൻ (+447403641731), ബ്രയൻ (+447454327436) എന്നിവരുമായി ബന്ധപ്പെടുക.

15. അതത് ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷനിൽ വരുന്ന ധ്യാനഗുരുവുമായി ആലോചിച്ച് ഗാന ശുശ്രൂഷ ക്രമീകരിക്കുക.

16. ധ്യാനം നടക്കുന്ന ദിവസങ്ങളിൽ ധ്യാനത്തിന്റെ വിജയത്തിനായി സാധിക്കുന്ന എല്ലാവരും മധ്യസ്ഥ പ്രാർത്ഥന നടത്തുക.

ഗ്രാൻഡ് മിഷൻ 2026-ലെ എല്ലാ ധ്യാനഗുരുക്കന്മാർക്കുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അവർ പ്രഘോഷിക്കുന്നത് അവരെയല്ല, പ്രത്യുത ഈശോമ്ശിഹായെ കർത്താവായും ഈശോയിലൂടെ തങ്ങളെ എല്ലാ വിശ്വാസികളുടെയും ദാസന്മാരുമായാണ് (2 കൊറിന്തോസ് 4:5). നമ്മുടെ രൂപതയിലെ എല്ലാ അംഗങ്ങളും പിതാവായ ദൈവത്തന്റെതന്നെ സത്തയും സത്യദൈവവുമായ ഈശോയുട കാൽക്കൽ ഇരിക്കാനും അങ്ങനെ അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ഈശോമ്ശിഹായിൽ എന്നേക്കും ജീവിക്കുകയും ചെയ്യട്ടെയെന്നും പ്രാർത്ഥിക്കുന്നു.

മ്ശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

യൗസേപ്പ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ-മലബാർ രൂപതാ മെത്രാൻ

CATHOLIC SYRO-MALABAR EPARCHY OF GREAT BRITAIN

---

NB: ഈ സർക്കുലർ 2025 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ രൂപതയിലെ എല്ലാ ഇടവകകളിലും മിഷനുകളിലും നിയുക്തമിഷനുകളിലും വായിക്കേണ്ടതാണ് (അന്നു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്).